**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 618** **28-01-2026 - ൽ മറുപടിയ്ക്ക്**

**മിഷൻ 1000 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി എത്ര പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞു എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ; | (എ) | 2022 ൽ ആരംഭിച്ച സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2026 ജനുവരി 24 വരെയുള്ള കാലയളവിൽ 3,93,100 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി 26,192.48 കോടി രൂപയുടെ നിക്ഷേപവും 8,38,460 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു; ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായി; വ്യക്തമാക്കാമോ; | (ബി) | മേൽ ( എ) പിരിവിലെ മറുപടി കണ്ടാലും |
| (സി) | സംരഭക വർഷത്തിൽ ആരംഭിച്ച എം. എസ്. എം. ഇ. കളെ വ്യവസായപരമായി ഉയർത്തിക്കൊണ്ടുവരുവാൻ ലക്ഷ്യമിട്ട് "മിഷൻ 1000 പദ്ധതി" വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (സി) | സംരംഭക വർഷത്തിൽ ആരംഭിച്ച എം.എസ്.എം.ഇ കളെ വ്യവസായപരമായി ഉയർത്തിക്കൊണ്ടുവരാൻ ലക്ഷ്യമിട്ട് " മിഷൻ 1000 പദ്ധതി" വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നതിന്റെ വിശദാംശങ്ങൾ അതിന്റെ പുരോഗതിയും ചുവടെ ചേർക്കുന്നു.<br><br>**(1) നിലവിലുള്ള എം എസ് ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്ന തിനുള്ള പദ്ധതി**<br><br>നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനു നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.<br><br>ഉത്പാദന/സേവനമേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും കുറഞ്ഞത് 3 വർഷം പൂർത്തീകരിച്ചതും SCALE UP MISSION ൽ നിന്നും |

വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതു മായ സൂക്ഷ്മ -ചെറുകിട - ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഒരു പ്രൊജക്റ്റ് റിപ്പോർട്ട് ആയി തയ്യാറാക്കേണ്ടതും ആയതിനു ജില്ലാ തല കമ്മിറ്റി യുടെ അനുമതി നേടേണ്ടതുമുണ്ട്. ഇപ്രകാരം അനുമതി ലഭിച്ച പ്രവർത്തനങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം അനുമതി ലഭിച്ച 4 വർഷ കാലയളവിൽ നടത്തുന്ന വിപുലീകരണ പ്രവർത്തനങ്ങൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹത യുള്ളത്. പദ്ധതി പ്രകാരം ഒരു യൂണിറ്റിനു പദ്ധതി നിബന്ധനകൾക്ക് വിധേയമായി രണ്ടു കോടി അമ്പത്തിഒന്ന് ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം താഴെപറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്.

(എ) വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കുന്നതിന് ആവശ്യം ആയ ഫീസ് പൂർണ്ണമായും റീ ഇംബേഴ്സ് ആയി നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.

(ബി) പദ്ധതി പ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy-ആയി നൽകുന്നു.

(സി) പ്രവർത്തന മൂലധന സഹായം ആയി ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു. വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഫീസ് കേന്ദ്ര പദ്ധതിയായ RAMP പദ്ധതി വഴിയും സംസ്ഥാന ബജറ്റിലെ പദ്ധതി വിഹിതം വഴിയും റി ഇംബേഴ്സായി നൽകിവരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ നിന്നും ആദ്യ ഗഡുവായി 30 യൂണിറ്റുകൾക്ക് 24,72,005/- രൂപയും, രണ്ടാം ഗഡുവായി 12 യൂണിറ്റുകൾക്ക് 10,06,935/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. ശേഷിച്ച തുക ജില്ലകൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചു വരുന്നുണ്ട്.

(2) സംരഭക വർഷത്തിൽ ആരംഭിച്ച എം.എസ്.എം.ഇ-കൾ ഉൾപ്പെടെയുള്ള സംരംഭങ്ങളെ ഉയർത്തിക്കൊണ്ടുവരുവാൻ ലക്ഷ്യമിട്ട് "മിഷൻ 1000 പദ്ധതി" നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 1000 സംരംഭങ്ങളെ നാല്

വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങളായി മാറുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വസ്തുനിഷ്ഠവും സുതാര്യവുമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് സംരംഭങ്ങളെ മിഷൻ 1000 പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നത്. നിലവിൽ 534 സംരംഭങ്ങളെ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു. 84 സംരംഭങ്ങൾക്ക് വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങളുടെ സ്കെയിൽ അപ്പ് പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങളും നൽകുന്നതാണ്:

1.മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടി രൂപ)

2.പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ)

3.സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് 1 ലക്ഷം രൂപ വരെ)

4.തിരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിക്കും

സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന സംരംഭങ്ങൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:

1.UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം

2.അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ, കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം

3.ഉത്പാദന മേഖലയിലോ സേവന മേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം

മിഷന് 1000 പദ്ധതിയിലേക്ക് അപേക്ഷിക്കാൻ **mission1000.industry.kerala.gov.in** എന്ന ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. സ്കെയിൽ അപ്പ്

| | | | |
|---|---|---|---|
| | | | മിഷൻ പദ്ധതി കേരളത്തിലെ എം.എസ്.എം.ഇ-കൾക്ക് അവരുടെ ബിസിനസ്സിൽ വളർച്ച കൈവരിക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനും ഒരു അതുല്യമായ അവസരം നൽകുന്നു. കൂടാതെ, സുതാര്യമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് വിവിധ പ്രോത്സാഹനങ്ങൾ നൽകുന്നത് വഴി സംസ്ഥാനത്തെ സംരംഭങ്ങൾക്ക് വളർച്ചയുടെയും വികസനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ